LIBRARY ARCHIVES Kerala Legislative Assembly

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021-ന് സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

സംയോജിത മത്സ്യകൃഷി

263(2300) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യ ബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭകർക്ക് സംയോജിത മത്സ്യകൃഷിയിൽ ആവശ്യമായ സാങ്കേതികപരിജ്ഞാനവും പരിശീലനവും നൽകുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

സംരംഭകർക്ക് മറ്റ് കൃഷി രീതികളോടൊപ്പം മത്സ്യകൃഷിയും ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതികപരിജ്ഞാനവും പരിശീലനവും നൽകിവരുന്നുണ്ട്. ഇതിനായി Kerala University of Fisheries and Ocean Science (KUFOS), Central Institute of Fisheries Education (CIFE) എന്നീ സ്ഥാപനങ്ങളിലെ ഉന്നത വിദഗ്ധർ, ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകിവരുന്നുണ്ട്.